## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4371          25.10.2016 ൽ മറുപടിക്ക്.

### ബില്ല് ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഉപഭോക്താക്കൾ സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;<br>സി) ഇവ കൂടുതൽ പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | ബി & സി) ബില്ലുകൾ ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നടത്തിവരുന്ന പ്രചാരണ പരിപാടികളുടെ ഭാഗമായി ഓണക്കാലത്ത് ഓരോ ജില്ലകളിലെയും പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ മുൻകൂട്ടി റെക്കോഡ് ചെയ്ത സന്ദേശങ്ങൾ അനൗൺസ് ചെയ്യുകയുണ്ടായി. കൂടാതെ പ്രധാന |

വ്യാപാര കേന്ദ്രങ്ങളിൽ വ്യാപാരികളെയും ഉപഭോക്താക്കളെയും ബിൽ നൽകുന്നതിനെക്കുറിച്ചും ചോദിച്ച് വാങ്ങേണ്ടതിനെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനായി വാണിജ്യ നികുതി ഉദ്യോഗസ്ഥർ തന്നെ വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തങ്ങൾക്കു ലഭിച്ച ബില്ലുകളോ അവയുടെ പകർപ്പുകളോ നിക്ഷേപിക്കുന്നതിനായി ടി അനൗൺസ്മെന്റ് വാഹനങ്ങളിൽ തന്നെ ഡ്രോപ്പ് ഇൻ ബോക്സുകളും സജ്ജീകരിച്ചിട്ടുണ്ടായിരുന്നു.

കൂടാതെ 'www.facebook.com/post bills here'എന്ന ഫെയ്സ്ബുക്ക് പേജിൽ ഉപഭോക്താക്കൾക്ക് തങ്ങളുടെ ബില്ലുകൾ അപ് ലോഡ് ചെയ്യുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഇവ കൂടാതെ 2007 ൽ ആരംഭിച്ച 'ലക്കിവാറ്റ്' പദ്ധതി മൊബൈൽഫോണിന്റെയും ആധുനിക ഐ.റ്റി സാങ്കേതിക വിദ്യയുടെയും സഹായത്തോടെ പുനരാവിഷ്കരിക്കുന്നതും ഇൻവോയ്സിന്റെയോ ബില്ലിന്റെയോ ഫോട്ടോ മൊബൈൽ ആപ്ലിക്കേഷൻ വഴി വാണിജ്യ നികുതി വകുപ്പിന്

സമർപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കി ബില്ലിലെ നികുതി തുകയുടെ 5 മടങ്ങ് സമ്മാനമായി നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു.

ഇത്തരം പ്രചാരണ പരിപാടികൾ ഇനിയും തുടരുന്നതാണ്. ഇതു കൂടാതെ ബജറ്റ് പ്രഖ്യാപനപ്രകാരമുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**